I/81788/2023

**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**
**(ഹാജർ. പ്രിയങ്ക.ജി ഐ.എ.എസ്)**

വിഷയം:- വനിതശിശുവികസന വകുപ്പ് –ജീവനക്കാര്യം-വകുപ്പിലെ ക്ലർക്ക് തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10% ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് യോഗ്യതയുടേയും സീനിയോറിറ്റിയുടേയും അടിസ്ഥാനത്തിൽ തസ്തിക മാറ്റം വഴി നിയമനം അനുവദിച്ച്
പുറപ്പെടുവിക്കുന്നു.

പരാമർശം:
1. സ.ഉ(പി)നം. 1/2014/ഉ.ഭ.പ.വ തീയതി 03/01/2014
2. സ.ഉ(പി)നം. 21/2014/ഉ.ഭ.പ.വ തീയതി 19/07/2014
3 സ.ഉ(പി)നം. 16/2019/ഉ.ഭ.പ.വ തീയതി 28/05/2015
4 സ.ഉ(പി)നം. 6/2019/ഉ.ഭ.പ.വ തീയതി 24/08/2019
5 G.O(P) NO 4/2020/P&ARD Dt 22/01/2020
6 സ.ഉ(അച്ചടി) നം 6/2022/ഉ.ഭ.പ.വ തീയതി 21/07/2022
7 വനിതശിശു വികസന ഡയറക്ടറുടെ 05/10/2021 ലെ WCD/E8/5168/2021 നമ്പർ ഉത്തരവ്
8 വനിത ശിശു വികസന ഡയറക്ടറുടെ 15/09/2022 ലെ ഇതേ നമ്പർ ഉത്തരവ്
9 വനിത ശിശു വികസന ഡയറക്ടറുടെ 18/11/2022 ലെ DWCD/5577/2022-E4 നമ്പർ ഉത്തരവ്
10 വനിത ശിശു വികസന ഡയറക്ടറുടെ 02/02/2023 ലെ WCD/E8/5168/2021 നമ്പർ ഉത്തരവ്

**ഉത്തരവ് നം.DWCD/2795/2022-E4** **തീയതി: 16-02-2023**

വിവിധ സർക്കാർ വകുപ്പുകളിൽ ക്ലർക്ക്, എൽഡി ടൈപ്പിസ്റ്റ് തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10% ലേയ്ക്ക് അതാത് വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും സബോർഡിനേറ്റ് സർവ്വീസിലുൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും യോഗ്യതയുടേയും സീനിയോറിറ്റിയുടേയും അടിസ്ഥാനത്തിൽ തസ്തിക മാറ്റം വഴി നിയമനം അനുവദിക്കുന്നതിന് പരാമർശം 1 മുതൽ 6 വരെയുള്ള സർക്കാർ ഉത്തരവ് പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

വകുപ്പിലെ ക്ലാസ് IV വിഭാഗം ജീവനക്കാർക്ക് തസ്തിക മാറ്റം വഴി ക്ലർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് ജീവനക്കാരുടെ സംസ്ഥാനതല അന്തിമ സംയുക്ത സീനിയോറിറ്റി ലിസ്റ്റ് പരാമർശം (7) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. വകുപ്പിൽ ക്ലർക്കുമാരുടെ കേഡർ സ്ട്രെങ്ത് പത്തിൽ താഴെയുള്ള 4 ജില്ലകൾ (പത്തനംതിട്ട,ആലപ്പുഴ, ഇടുക്കി, വയനാട്)

ഉള്ളതിനാൽ ജില്ലാ തല നിയമനം സാദ്ധ്യമല്ലാത്തതിനാൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങളിൽ നിഷ്കർഷിച്ചിരിക്കും പ്രകാരം ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ ബൈ ട്രാൻസ്ഫർ നിയമനത്തിനായി സംസ്ഥാന തലത്തിൽ വകുപ്പിൽ നിലവിലുള്ള ക്ലർക്ക് തസ്തികയുടെ 10% ഈ വിഭാഗത്തിനായി മാറ്റി വയ്ക്കേണ്ടതുണ്ട്.

എൽ.ഡി ക്ലർക്ക് തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളിൽ ആദ്യത്തെ ഒഴിവ് തസ്തിക മാറ്റ നിയമനത്തിനായി നീക്കി വയ്ക്കേണ്ടതും തുടർന്നുള്ള 9 ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ് എന്നും ഈ പ്രക്രിയ ഓരോ വകുപ്പിലേയും എൽ.ഡി ക്ലർക്ക് cadre strength-ന്റെ 10%-ൽ എത്തിച്ചേരുന്നത് വരെ തുടരേണ്ടതുമാണ് എന്ന് മേൽ പരാമർശ ഉത്തരവുകളിൽ പരാമർശിച്ചിട്ടുണ്ട്.സാമൂഹ്യനീതി/വനിതശിശുവികസനവകുപ്പ് വിഭജനത്തെതുടർന്ന് ഇരു വകുപ്പുകളിലേയും കേഡർ സ്ട്രെങ്ത് നിശ്ചയിക്കുകയും ജീവനക്കാരെ ഇരു വകുപ്പുകളിലുമായി പുനർ വിന്യസിക്കുകയും ചെയ്തതിന്റെ ഭാഗമായി നിലവിൽ വന്ന ഒഴിവുകളും വകുപ്പ് വിഭജനത്തിന് ശേഷം വനിത ശിശു വികസന വകുപ്പിൽ നിലവിൽ വന്ന ഒഴിവുകളും ഉൾപ്പെടെ ക്ലർക്ക് തസ്തികയിൽ ആകെ 80 ഒഴിവുകൾ 31/08/2022 വരെ വകുപ്പിൽ ഉണ്ടായിട്ടുണ്ട്. . ടി ഒഴിവുകൾക്ക് ആനുപാതികമായി 8 തസ്തികകൾ തസ്തിക മാറ്റം വഴി ക്ലർക്ക് നിയമനത്തിനായി മാറ്റി വച്ചിരുന്നു.

പ്രസ്തുത ഒഴിവുകളിൽ 4 ഒഴിവിൽ പരാമർശം (7) പ്രകാരം പ്രസിദ്ധീകരിച്ച വകുപ്പിലെ ക്ലാസ് IV വിഭാഗം ജീവനക്കാരുടെ സംസ്ഥാനതല അന്തിമ സംയുക്ത സീനിയോറിറ്റി ലിസ്റ്റിൽ നിന്നും പരാമർശം(8) പ്രകാരം ഉദ്യോഗ കയറ്റം നൽകിയിരുന്നു. പരാർശം (8) പ്രകാരമുള്ള നിയമന ഉത്തരവിൽ ക്രമ നം 3 ആയി ആയി ഉൾപ്പെട്ടിരുന്ന ശ്രീ വിജയൻ.റ്റി.വി ക്ലർക്ക് തസ്തികയിലേയ്ക്കുള്ള നിയമനം റിലിങ്ക്വിഷ് ചെയ്തിട്ടുണ്ട്. ക്രമ നം 4 ആയി നിയമനം ലഭിച്ച ശ്രീമതി ഷീല.കെ, യ്ക്ക് വനം വകുപ്പിൽ ക്ലർക്ക് തസ്തികയിൽ നിയമനം ലഭിച്ചതിനാൽ പരാമർശം( 9) പ്രകാരം വകുപ്പിൽ നിന്നും വിടുതൽ ചെയ്തിട്ടുണ്ട്. ആയത് പ്രകാരം നിലവിൽ ബൈട്രാൻസ്ഫർ നിയമനത്തിനായി 6 ഒഴിവുകൾ അവശേഷിക്കുന്നുണ്ട്..

ക്ലർക്ക്/എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് ഉദ്യോഗ കയറ്റത്തിന് പരാമർശം(7) പ്രകാരം പ്രസിദ്ധീകരിച്ച സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത ജീവനക്കാരെ ഉൾപ്പെടുത്തിയും അന്തർ ജില്ലാ/അന്തർ വകുപ്പ് സ്ഥലം മാറ്റം ലഭിച്ച ജീവനക്കാരുടെ സീനിയോറിറ്റി പുനക്രമീകരിച്ചും സംസ്ഥാന തല അന്തിമ സംയുക്ത സീനിയോറിറ്റി ലിസ്റ്റ് പരാമർശം (10) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടി ലിസ്റ്റിൽ ഉൾപ്പെട്ട ക്രമ നം 5 മുതലുള്ള ജീവനക്കാർക്ക് ഉദ്യോഗ കയറ്റത്തിന് അർഹതയുണ്ട്. ക്രമ നം 6 ശ്രീ കെ.പ്രേമ രാജൻ, 31/05/2022 തീയതിയിൽ സേവനത്തിൽ നിന്നും വിരമിച്ചിട്ടുണ്ട്. ആയതിനാൽ ക്രമ നം 5 മുതൽ 11 വരെയുള്ള ജീവനക്കാർക്ക് ക്ലർക്ക് തസ്തികയിലേയ്ക്ക് ഉദ്യോഗ കയറ്റത്തിന് അർഹതയുണ്ട്.

ഈ സാഹചര്യത്തിൽ ചുവടെ പറയുന്ന ജീവനക്കാർക്ക് അവരവരുടെ പേരിന് നേരെ ചേർത്തിട്ടുള്ള കാര്യാലയത്തിൽ 26500-60700 രൂപ ശമ്പള സ്കെയിലിൽ കെഎസ് &എസ്എസ് ആർ ചട്ടം 28 (a)(i) ന് വിധേയമായി ക്ളർക്ക് തസ്തികയിൽ തസ്തികമാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം | ജീവനക്കാരുടെ പേര്, തസ്തിക | സീനിയോറിറ്റി ലിസ്റ്റിലെ ക്രമനം | തസ്തികമാറ്റം വഴി ക്ലർക്ക് തസ്തികയിൽ നിയമിക്കുന്ന കാര്യാലയം |
|---|---|---|---|
| 1 | ശ്രീമതി ബാത്തിഷ ബീവി.റ്റി.വൈ<br>ഓഫീസ് അറ്റൻഡന്റ്<br>മഹിള മന്ദിരം, കൊല്ലം | 5 | ജില്ലാ വനിത ശിശു വികസന ഓഫീസ്, തിരുവനന്തപുരം |
| 2 | ശ്രീമതി ഷൈലജ.വി.എസ്<br>ഓഫീസ് അറ്റൻഡന്റ്<br>ഐ.സി.ഡി.എസ് മുളന്തുരുത്തി | 7 | പ്രോഗ്രാം ഓഫീസ്,എറണാകുളം |
| 3 | ശ്രീ ഈസ്സ.റ്റി<br>ഓഫീസ് അറ്റൻഡന്റ്<br>ഐ.സി.ഡി.എസ്<br>കോഴിക്കോട് റൂറൽ | 8 | ഐ.സി.ഡി.എസ് കുറ്റിപ്പുറം |
| 4 | ശ്രീ സലീം.എം.പി<br>ഓഫീസ് അറ്റൻഡന്റ്<br>പ്രോഗ്രാംഓഫീസ്, കോഴിക്കോട് | 9 | ഐ.സി.ഡി.എസ് പാലക്കാട് അഡീഷണൽ |
| 5 | ശ്രീമതി<br>ബിന്ദു മോൾ.കെ<br>ഓഫീസ് അറ്റൻഡന്റ്<br>വനിത പ്രൊട്ടക്ഷൻ ഓഫീസ്, ആലപ്പുഴ | 10 | ഐ.സി.ഡി.എസ് വെളിയനാട് |
| 6 | ശ്രീ മഹാദേവൻ നായർ<br>ഓഫീസ് അറ്റൻഡന്റ്<br>ഐ.സി.ഡി.എസ് ഹരിപ്പാട് | 11 | ഐ.സി.ഡി.എസ് ചാവക്കാട് |

പരാമർശം(6) ഉത്തരവ് പ്രകാരം കേഡർ സ്ട്രെങ്ത് സംസ്ഥാന തലത്തിൽ കണക്കാക്കുന്ന സന്ദർഭത്തിൽ ടി തസ്തികകളിൽ ബൈ ട്രാൻസ്ഫർ നിയമനം ലഭിക്കുന്നവരുടെ കാര്യത്തിൽ നിയമനത്തിനായി ഒരു ജില്ല ഓപ്റ്റ് ചെയ്യാവുന്നതും ഇത്തരത്തിൽ ഓപ്റ്റ് ചെയ്ത ജില്ല ടി ജീവനക്കാരന്റെ മാതൃ ജില്ലയായി കണക്കാക്കേണ്ടതുമാണ് എന്ന് പരാമർശിച്ചിട്ടുണ്ട്. സംസ്ഥാനതല സംയുക്ത സീനിയോറിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ക്ലർക്ക് തസ്തികയിൽ ഒഴിവുള്ള ജില്ലയിൽ തസ്തിക മാറ്റ നിയമനം ലഭിച്ച ജീവനക്കാർക്ക് ,ടിയാളുകളുടെ മാതൃ ജില്ലയിൽ അപേക്ഷ പ്രകാരം സർവ്വീസ് സീനിയോറിറ്റി പാലിച്ച് സ്ഥലം മാറ്റം അനുവദിക്കുന്നതാണ്. ഇത്തരത്തിൽ മാതൃ ജില്ലയിലേയ്ക്ക് സ്ഥലം മാറ്റം അനുവദിക്കുമ്പോൾ തസ്തിക മാറ്റ നിയമനം ലഭിച്ച തീയതിയെ അടിസ്ഥാനമാക്കിയാണ് സർവ്വീസ് സീനിയോറിറ്റി നിർണ്ണയിക്കുന്നത്.

I/81788/2023

ബൈ ട്രാൻസ്ഫർ നിയമനം മുഖേനെ ക്ലർക്ക് തസ്തികയിൽ നിയമനം അനുവദിച്ച ജീവനക്കാർക്ക് നിയമാനുസൃത ശമ്പള നിർണ്ണയത്തിനു മാത്രം അർഹതയുണ്ടായിരിക്കും. ജീവനക്കാർ തുടർച്ചയായ മൂന്ന് വർഷക്കാലയളവിനുള്ളിൽ 2 വർഷം പ്രൊബേഷനിൽ ആയിരിക്കും. തസ്തികമാറ്റം ലഭിച്ച ജീവനക്കാരെ ഉടൻ പ്രാബല്യത്തിൽ പുതിയ തസ്തികയിൽ ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് കാര്യാലയ മേധാവികൾ വിടുതൽ ചെയ്യേണ്ടതും വിടുതൽ/പ്രവേശനം കാര്യാലയ മേധാവികൾ യഥാസമയം ഈ കാര്യലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. ജീവനക്കാർക്ക് അർഹമായ പ്രവേശന കാലത്തിനും യാത്രാബത്തക്കും അർഹതയുണ്ടായിരിക്കുന്നതാണ്.

വനിത ശിശു വികസന ഡയറക്ടർ

പകർപ്പ് :

1. എല്ലാ കീഴ് കാര്യാലയ മേധാവികൾക്കും
2. വെബ്സൈറ്റ് പ്രസിദ്ധീകരണത്തിന്
3 സ്റ്റോക്ക്ഫയൽ/ സ്പെയർ

ned by Priyanka G
e: 16-02-2023 20:03:07